പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2158 | 8.3.2018 -ൽ മറുപടിയ്ക്ക്

## കെ.ടി.ഡി.സി. നടപ്പാക്കുന്ന ടൂറിസം വികസന പ്രവർത്തനങ്ങൾ

| ചോദ്യം<br>ശ്രീ.ബി.ഡി. ദേവസ്സി<br>ശ്രീ.കെ. ബാബു<br>ശ്രീ.പി.വി. അൻവർ<br>ശ്രീ.കെ.ജെ. മാക്സി : | | | മറുപടി<br>ശ്രീ. കടകംപളളി സുരേന്ദ്രൻ, സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ മന്ത്രി |
|---|---|---|---|
| എ) | സംസ്ഥാനത്തെ ടൂറിസം വികസനത്തിനായി കേരള ടൂറിസം ഡെവലപ്പ്മെന്റ് കോർപ്പറേഷൻ നടത്തിവരുന്ന പ്രവർത്തനങ്ങൾ പരിശോധിച്ചിട്ടുണ്ടോ; | എ) യും ബി) യും | പരിശോധിച്ചിട്ടുണ്ട്.<br>തേക്കടി, മൂന്നാർ, കുമരകം, കോവളം തുടങ്ങിയ ടൂറിസം ഡെസ്റ്റിനേഷനുകളുടെ വികസനം, നൂതനമായ ടൂർ പാക്കേജുകൾ, പ്രീമിയം ബഡ്ജറ്റ് ഹോട്ടലുകൾ എന്നിവയ്ക്ക് കെ.ടി.ഡി.സി സംഭാവനകൾ നൽകുന്നുണ്ട്. കെ.ടി.ഡി.സിയുടെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി കെ.ടി.ഡി.സിയുടെ മിക്കവാറും യൂണിറ്റുകൾഘട്ടം ഘട്ടമായി നവീകരിക്കാൻ തീരുമാനിച്ചു നിലവിൽ മാസ്കറ്റ് ഹോട്ടൽ, ബോൾഗാട്ടി പാലസ് ഹോട്ടൽ, ചൈത്രം ഹോട്ടൽ എന്നിവയുടെ പണി നടന്നുവരുന്നു. പുതിയ സംരംഭമായ മുഴപ്പിലങ്ങാട് ബീച്ച് റിസോർട്ടിന്റെ ഭരണാനുമതി കിഫ്ബിയിൽ നിന്ന് ലഭിച്ചു കഴിഞ്ഞു. കോഴിക്കോട് ബീച്ച് റിസോർട്ടിന്റെ ഭരണാനുമതിയ്ക്കുളള അപേക്ഷ കിഫ്ബിയുടെ പരിഗണനയിലാണ്. പുതിയ മൂന്നു ബസ്സുകൾ നിരത്തിലിറക്കി ടൂർ പാക്കേജ് തുടങ്ങിയിട്ടുണ്ട്. |
| ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പ്രസ്തുത കോർപ്പറേഷൻ മുഖാന്തരം നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | | |
| സി) | 2018-19 ലെ സംസ്ഥാന ബജറ്റിൽ ടൂറിസം വികസനത്തിനായി നീക്കി വച്ചിട്ടുളള തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | സി) | 2018-19 സാമ്പത്തിക വർഷത്തിൽ ടൂറിസം വികസനത്തിനായി വകയിരുത്തിയിരിക്കുന്നത് 381.75 കോടി രൂപയാണ്. അതിൽ 7.92 കോടി രൂപ കെ.ടി.ഡി.സി യുടെ വികസന പ്രവർത്തനങ്ങൾക്കായാണ്. |

. . . 2

| | | | |
|---|---|---|---|
| ഡി) | ടൂറിസം വികസനത്തിനായി കേന്ദ്രസർക്കാരിൽ നിന്ന് സാമ്പത്തിക സഹായം ലഭിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ? | ഡി) | ഉണ്ട്. കേന്ദ്ര ടൂറിസം മന്ത്രാലയം നിലവിൽ സ്വദേശ് ദർശൻ, പ്രസാദ് എന്നീ സ്കീമുകളിൽ ഉൾപ്പെടുത്തി ടൂറിസം വികസനത്തിനായി തുകകൾ അനുവദിച്ചിട്ടുണ്ട്. സ്വദേശ് ദർശൻ സ്കീമിൽ ഉൾപ്പെടുത്തി ഇക്കോ ടൂറിസം സർക്യൂട്ടായ പത്തനംതിട്ട-ഗവി-വാഗമൺ-തേക്കടി വികസനത്തിന് 9006.14 ലക്ഷം രൂപയും സ്പിരിച്വൽ ടൂറിസം സർക്യൂട്ടായ ശബരിമല വികസനത്തിന് (എരുമേലി-പമ്പ-സന്നിധാനം) 9998.92 ലക്ഷം രൂപയും ശ്രീപത്മനാഭ-ആറന്മുള-ശബരിമല വികസനത്തിന് 9244.26 ലക്ഷം രൂപയും പ്രസാദ് സ്കീമിൽ ഉൾപ്പെടുത്തി ഗുരുവായൂർ ക്ഷേത്ര വികസനത്തിന് 4614.20 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**